6. അച്ഛൻ/അമ്മ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പെൻഷനായി പുതിയ സ്ഥലത്ത് സ്ഥിരതാമസത്തിന് വന്നിട്ടുള്ളതാണെങ്കിൽ പെൻഷൻ ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് സഹിതം പെൻഷനായി ഒരുവർഷത്തിനകം നല്കുന്ന അപേക്ഷ.
7. പാസ്പോർട്ട്
8. ഡ്രൈവിംഗ് ലൈസൻസ്
9. വോട്ടറുടെ തിരിച്ചറിയൽ കാർഡ്
10. ഇലക്ട്രിസിറ്റി ബിൽ
11. ഇൻകംടാക്സ് ഐഡന്റിറ്റി കാർഡ്
12. ടെലിഫോൺ ബിൽ
13. ഏതെങ്കിലും അധികാരികൾ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
14. ശ്രീചിത്രാഹോമിലെ അന്തേവാസിയാണ് എന്നതിന് പ്രസ്തുത സ്ഥാപനത്തിന്റെ സൂപ്രണ്ട് നൽകുന്ന സർട്ടിഫിക്കറ്റ്
15. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
16. തഹസീൽദാരിൽ നിന്നും ലഭിക്കുന്ന ക്രീമിലെയർ സർട്ടിഫിക്കറ്റ്
17. ശ്രീചിത്രാഹോം പോലെ സമാനസ്വഭാവമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രസ്തുത സ്ഥാപനത്തിന്റെ സൂപ്രണ്ട് നൽകുന്ന സർട്ടിഫിക്കറ്റ്.

(ബി) ഇലക്ടറൽ കാർഡ് മുകളിൽ പറഞ്ഞിട്ടുള്ള 17 രേഖകളിൽ ഒന്നുമാത്രമാണ്. ഇലക്ടറൽ കാർഡ് ഹാജരാക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്ക് ഇതര രേഖകളിൽ ഏതെങ്കിലും ഹാജരാക്കാവുന്നതാണ്. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് മുകളിൽ പറഞ്ഞ 17 ഇനങ്ങളിൽ ഉൾപ്പെടുന്നതാണ്. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം റേഷൻ കാർഡ് ഐഡന്റിറ്റി കാർഡായി അംഗീകരിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കെൽട്രോൺ പ്രതിരോധവകുപ്പിന് കൈമാറാൻ നടപടി

5 [*234] ശ്രീ. വി. ജെ. പൗലോസ് :
,, എം. എ. വാഹിദ് :
,, എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ പ്രതിരോധ വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലെന്ന് പറയുമോ;

2/2312/12

LIBRARY ARCHIVES Kerala Legislative Assembly

(സി) കെൽട്രോണിന് ഇപ്പോൾ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ) കെൽട്രോണിന്റെ പ്രതിരോധ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിന് കേരള സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അനുകൂലമായ നിലപാട് കേന്ദ്രഗവൺമെന്റിൽ നിന്നും ഇതുവരെ ഉണ്ടായിട്ടില്ല.

(ബി) കെൽട്രോണിന്റെ നിലനില്പും പുരോഗതിയും ലക്ഷ്യമാക്കിയും കേരളത്തിലെ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുമെന്ന് കണക്കാക്കിയുമാണ് കെൽട്രോൺ യൂണിറ്റുകൾ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചത്.

(സി) ഇല്ല.

നിരാലംബരായ ജനവിഭാഗത്തിനുവേണ്ടി സാമൂഹ്യ സുരക്ഷാ പദ്ധതി

6 [*235] ഡോ. തോമസ് ഐസക് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിരാലംബരായ ജനവിഭാഗത്തിനുവേണ്ടി സർക്കാർ പ്രഖ്യാപിച്ച സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പിൽ വരുത്തിയത് ; പരിരക്ഷ പാക്കേജ് നടപ്പിലാക്കുക വഴി നിരാലംബരെ പൂർണ്ണമായും പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ സാധ്യമായിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയിലേക്ക് ഭരണ നവീകരണ പദ്ധതിയിൻകീഴിൽ എത്ര തുക വകയിരുത്തുകയുണ്ടായി ; ഇതിനകം എത്ര തുക ചെലവഴിക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly